**പതിനഞ്ചാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2026 ഫെബ്രുവരി 23, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ശബരിമല സ്വർണ്ണപ്പാളി വിവാദവുമായി ബന്ധപ്പെട്ട കേസിലെ പ്രധാന പ്രതികൾക്കെല്ലാം ജാമ്യം ലഭിച്ചെന്നും ശബരിമല തന്ത്രിയെ അനാവശ്യമായി ജയിലിലടച്ചെന്നും അയ്യപ്പസംഗമ നടത്തിപ്പിൽ സാമ്പത്തിക ക്രമക്കേട് നടന്നെന്നും ശബരിമല യുവതീപ്രവേശനവുമായി ബന്ധപ്പെട്ട വിഷയത്തിൽ ആചാരലംഘനത്തെ അനുകൂലിക്കുന്ന നിലപാടാണ് ഗവൺമെന്റിനുള്ളതെന്നും ആയതിൽ പ്രതിഷേധിച്ച് സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്നും ശ്രീ. കെ. ബാബു (തൃപ്പൂണ്ണിത്തുറ) പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് സഭയുടെ നടുത്തളത്തിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.)

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *181, *182, *183, എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിച്ചില്ല.)

23 (*184) **ഊർജ്ജ കാര്യക്ഷമത**

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ഊർജ്ജ മേഖലയിലെ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി 2023-24-ൽ പ്രസിദ്ധീകരിച്ച ദേശീയ ഊർജ്ജ കാര്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിൽ പുരസ്കാരവും 2024-25-ൽ ഗ്രൂപ്പ് 3 വിഭാഗത്തിൽ ഒന്നാം റാങ്കും നീതി ആയോഗിന്റെ 2022 ഏപ്രിലിൽ പ്രസിദ്ധീകരിച്ച സ്റ്റേറ്റ് എനർജി ആൻഡ് ക്ലൈമറ്റ് ഇൻഡക്സ് റൗണ്ട് 1 റിപ്പോർട്ടുപ്രകാരം വലിയ സംസ്ഥാനങ്ങൾ വിഭാഗത്തിൽ രണ്ടാം സ്ഥാനവും ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഊർജ്ജ രംഗത്തെ നവീന സാങ്കേതിക വിദ്യകൾ ചർച്ച ചെയ്യാനും ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുമായി എനർജി മാനേജ്മെന്റ് സെന്ററിന്റെ ഇരുപത്തിയെട്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 2024 ഫെബ്രുവരിയിൽ ആദ്യ അന്താരാഷ്ട്ര ഊർജ്ജ മേള (IEFK)യും 2025-ൽ രണ്ടാം പതിപ്പും 2026-ൽ മൂന്നാം പതിപ്പും സംഘടിപ്പിച്ചിട്ടുണ്ട്. മൂന്നാം പതിപ്പിൽ സുസ്ഥിര ഊർജ്ജ ഗവേഷണത്തിനായി അന്താരാഷ്ട്ര ശാസ്ത്ര സാങ്കേതിക കേന്ദ്രം (NAM S&T Centre), പ്രമുഖ എഞ്ചിനീയറിങ് കോളേജുകൾ എന്നിവയുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുകയും കുടുംബശ്രീ പ്രവർത്തകർക്ക് ഇ-കുക്കിങ് പരിശീലനം, വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകളുടെ പ്രവർത്തനം, വൈദ്യുതസുരക്ഷ, നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്ന ഗ്രീൻ എക്സ്പോ എന്നിവ നടത്തുകയും പുതുതലമുറയിൽ ഊർജ്ജ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ട്രിവാൻഡ്രം എഞ്ചിനീയറിങ് കോളേജിലെ ഇന്നോവേഷൻ സെല്ലും കേരള ടെക്നോളജിക്കൽ

യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് പ്രോജക്ട് എക്സ്പോ നടത്തി മികച്ച പ്രോജക്ടിന് അവാർഡ് വിതരണം ചെയ്യുകയും സ്കൂൾ വിദ്യാർഥികൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. സൗരോർജ്ജ ഉല്പാദനത്തിൽ കേരളം രണ്ടാം സ്ഥാനത്താണെന്നും രാജ്യത്താദ്യമായി പകൽസമയത്തെ വൈദ്യുതി ഉപഭോഗത്തിനുള്ള താരിഫ് കുറച്ചിട്ടുണ്ടെന്നും കാസർഗോഡ് മൈലാട്ടിയിൽ 500 മെഗാവാട്ടിന്റെ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (BESS) സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *185, *186 എന്നീ നമ്പർ ചോദ്യങ്ങൾ ഉന്നയിച്ചില്ല.)

24 (*187) **ജി.എസ്.ടി. നിരക്ക് പരിഷ്കരണം**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, 56-ാമത് ദേശീയ ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം നിലവിലുണ്ടായിരുന്ന നാല് ജി.എസ്.ടി. സ്ലാബുകൾ രണ്ടായി ചുരുക്കുകയും ആഡംബര വസ്തുക്കൾക്കും പാപ വസ്തുക്കൾക്കും (Sin goods) 40% നികുതി ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും ഇതിലൂടെ സംസ്ഥാനത്തിന് പ്രതിവർഷം ₹8,000 മുതൽ ₹10,000 കോടി രൂപവരെ റവന്യൂ നഷ്ടം സംഭവിക്കുമെന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ (GIFT) പഠനത്തിൽ വ്യക്തമായിട്ടുണ്ടെന്നും ഉയർന്ന ഉപഭോഗവും 28% സ്ലാബിലുണ്ടായിരുന്ന ആശ്രിതത്വവും കാരണം കേരളത്തിന് ആനുപാതികമായ വരുമാന നഷ്ടം നേരിടേണ്ടിവരുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നതായും സഭയെ അറിയിച്ചു. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോഴുണ്ടായിരുന്ന ആന്റി

പ്രോഫിറ്ററിങ് മെക്കാനിസം നിർത്തലാക്കിയതിനാൽ നികുതി പരിഷ്കരണങ്ങളിലൂടെയുള്ള ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ബദൽ സംവിധാനം വേണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ അവശ്യപ്പെട്ടിട്ടുണ്ട്. 2023 ജനുവരിയിൽ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ ജി.എസ്.ടി. നിയമത്തിനനുസൃതമായി പുനഃസംഘടിപ്പിച്ച് ടാക്സ്പെയർ സർവീസസ്, ഓഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ മൂന്ന് വെർട്ടിക്കലുകളായി തിരിച്ച് നികുതിപിരിവ് ഊർജ്ജിതമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കാര്യക്ഷമമായ നികുതി പിരിവിലൂടെ സംസ്ഥാനത്തെ നികുതി-നികുതിയേതര വരുമാനം 110000 കോടി രൂപയായി വർധിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25 (*188) **പമ്പ്ഡ് സ്റ്റോറേജ് നയരൂപീകരണം**

വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസന മാതൃകയിൽ സ്വകാര്യ/സഹകരണ/പൊതുമേഖല/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് നയത്തിന്റെ കരട് സർക്കാരിന്റെ സജീവ പരിഗണയിലാണെന്നും കക്കയം (800 മെഗാവാട്ട്), പൊരിങ്ങൽക്കുത്ത് (400 മെഗാവാട്ട്), ഇടുക്കി (700 മെഗാവാട്ട്), മുതിരപ്പുഴ (100 മെഗാവാട്ട്) എന്നീ നാല് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവഹണ റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്കുള്ള ധനസമാഹരണത്തിന് സംരംഭകരെ സഹായിക്കാൻ 18360 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രം REC Ltd.-

മായി എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) ഒപ്പുവച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉൽപാദനത്തിൽ നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ഉൽപാദനം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതിനഷ്ടം ഒഴിവാക്കുന്നതിനുമായി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം ഉൾപ്പെടെയുള്ള പദ്ധതികൾ പരിഗണയിലാണ്. പരിചയ സമ്പന്നരായ വിദഗ്ധ കൺസൾട്ടൻസി സ്ഥാപനങ്ങൾവഴി ഇലവീഴാപൂഞ്ചിറ, ചുള്ളിയാർ, പോത്തുണ്ടി, പരപ്പൻപാറ, മാങ്കുളം എന്നീ അഞ്ച് പി.എസ്.പി.-കളുടെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും അവയിൽ ചിലതിനെ നോമിനേഷൻ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കാൻ കേന്ദ്ര പൊതുമേഖലാ വൈദ്യുത ഉല്പാദന കമ്പനികളായ NTPC, THDCIL, NHPC എന്നീ സ്ഥാപനങ്ങൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *189-ാം നമ്പർ ചോദ്യം ഉന്നയിച്ചില്ല.)

26 (*190) **നെൽകർഷകർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ**

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുകയെന്നത് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള കാര്യമാണെന്നും അടിസ്ഥാന വിലയും സംസ്ഥാന പ്രോത്സാഹന ബോണസും ചേർത്ത് കിലോഗ്രാമിന് 30 രൂപ നിരക്കിലാണ് കർഷകരിൽനിന്ന് നെല്ല് സംഭരിക്കുന്നതെന്നും സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, ജനകീയാസൂത്രണംവഴി നടപ്പാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർധിപ്പിക്കാനുള്ള സജീവമായ ഇടപെടലുകൾ

നടത്തിവരുന്നതായും സഭയെ അറിയിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസന പദ്ധതിക്കുകീഴിൽ ഉല്പാദനോപാധികൾക്കായി 297.23 കോടി രൂപ ചെലവഴിക്കുകയും റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ്, ആർ.ഐ.ഡി.എഫ്. എന്നിവ വഴി 666.61 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. എം.എസ്.പി.-ക്ക് മുകളിൽ സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസ് നൽകുന്നത് അവസാനിപ്പിക്കണമെന്ന കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ആവശ്യം സംസ്ഥാനത്തെ നെല്ലുൽപാദനം കുറയാനും കൃഷിയിടങ്ങൾ തരിശിടുന്ന പ്രവണത വർധിക്കാനും ഭക്ഷ്യക്ഷാമവും പാരിസ്ഥിതിക പ്രത്യാഘാതവും ഉണ്ടാകാനുള്ള സാഹചര്യവും സൃഷ്ടിക്കുമെന്നതിനാൽ അംഗീകരിക്കാനാകില്ലെന്നും പ്രോത്സാഹന ബോണസ് നൽകുന്നത് തുടരുമെന്നും കേന്ദ്ര കൃഷി-ധനകാര്യ മന്ത്രിമാരെയും കൃഷിമന്ത്രാലയത്തെയും അറിയിച്ചിട്ടുണ്ട്. പൊതു/സഹകരണ മേഖലയിലെ റൈസ് മില്ലുകൾ ശക്തിപ്പെടുത്തുമെന്നും നെല്ല് സംഭരിക്കാൻ പ്രാഥമിക കാർഷിക ക്രെഡിറ്റ് സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പൊക്കാളി കൃഷി പ്രോത്സാഹനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ 2687 കോടി രൂപ ഇൻസെന്റീവ് ബോണസായി അനുവദിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി വ്യക്തമാക്കി.

- - - - - - - - - -